പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 87** | **24-06-2026-ൽ മറുപടിയ്ക്ക്**

**<u>തീരദേശമേഖലയുടെ സംരക്ഷണത്തിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്
ശ്രീ. സുധീർഷാ പാലോട്
ശ്രീ. എം. ആർ. ബൈജു

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ട്രോളിങ് നിരോധനകാലയളവിലും മറ്റ് തൊഴിൽ -സാമ്പത്തിക പ്രതിസന്ധികൾ നേരിടുമ്പോഴും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഈ വർഷം ഗുണഭോക്തൃവിഹിതമായ 1500/- രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും സർക്കാർ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22 ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. KFWFB-യുടെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് സമുദ്ര-അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 50.027 കോടി രൂപ ധനസഹായം അനുവദിച്ച് ഉത്തരവാകുകയും ആയത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ചാനലിൽ മണൽ അടഞ്ഞ്

പൊഴിയടഞ്ഞത് മൂലം മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ തൊഴിൽ നഷ്ടപ്പെട്ട 2433 മത്സ്യത്തൊഴിലാളികൾക്ക് 12-04-2025 മുതൽ ആകെ 91 ദിവസത്തെ തൊഴിൽ നഷ്ടത്തിന് ഒരാൾക്ക് 32,669/- രൂപ നിരക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 7,94,83,677/- രൂപ അനുവദിച്ച് നൽകുകയും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തുവരുന്നു. INCOIS, KSDMA, Indian Meteorological Department എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട 1,72,160 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് (132822 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ + 39338 അനുബന്ധത്തൊഴിലാളി കുടുബങ്ങൾ) ധനസഹായം നൽകുന്നതിനായി 48,20,48,000/ രൂപ CMDRF മുഖേന 08/01/2026 തീയതിയിലെ 14/2026/റ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുവദിക്കുകയും ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

**(ബി)** തീരദേശസംരക്ഷണത്തിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>**

കെ. എം. എഫ്. ആർ. നിയമം 2017 കാലോചിതമായി പരിഷ്കരിക്കുകയും 2018- ൽ പുതിയ കെ. എം. എഫ്. ആർ. റൂൾ നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും CMFRI യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മൽസ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് ശക്തമായി നടപ്പിലാക്കിയതിന്റെയും ഫലമായി കടൽ മത്സ്യസമ്പത്ത് 2018-19- ൽ 6.09 ലക്ഷം ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും അതിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ ഉതകുന്ന തരത്തിൽ വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ച് വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മൽസ്യബന്ധന രീതികൾ KMFR Act, KMFR Rules എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും , മൽസ്യബന്ധന വല നിർമാണ സ്ഥാപനങ്ങൾക്കും രെജിസ്ട്രേഷൻ ഏർപ്പെടുത്തി . കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് കാലാകാലങ്ങളിൽ നടപ്പിലാക്കിവരുന്നു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി ആരംഭിക്കുകയും തുടർന്നുവരുകയും ചെയ്യുന്നു. കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതു മത്സ്യമേഖലയ്ക്ക് ഭീഷണിയാകുമെന്നു മനസ്സിലാക്കി ഫിഷറീസ് തുറമുഖ എൻജിനീയറിങ് വകുപ്പുകളുടെ നേതൃത്വത്തിൽ ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, സാഫ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ ശുചിത്വ സാഗരം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ്

കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് ഫിഷിങ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു.

**(സി)** തീരദേശ മേഖലയിലെ ജനങ്ങളുടെ നൈപുണ്യവികസനത്തിനും ടൂറിസം അടക്കമുള്ള മേഖലകളിൽ തൊഴിലവസരങ്ങൾ കണ്ടെത്താനും സഹായകരമായ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** തീരദേശ മേഖലയിലെ ജനങ്ങളുടെ നൈപുണ്യ വികസനത്തിനായി സാഫ്, മത്സ്യഫെഡ് എന്നീ ഏജൻസികൾ വഴി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

1. ഒരു കുടുംബം ഒരു ജോലി

2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (ജെ. എൽ ജി.) പലിശരഹിത വായ്പ

സാഫ് ഗുണഭോക്തൃ ഗ്രൂപ്പുകളുടെ സുസ്ഥിരമായ നിലനിൽപ്പിനും ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനുമായി വിവിധ ഘടങ്ങൾ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിവരുന്നു. ഗ്രൂപ്പുകൾക്ക് അവരുടെ സംരംഭം മെച്ചപ്പെടുത്തുന്നതിനും സ്ഥിരമായി ഉപജീവനം കണ്ടെത്തുന്നതിനുമായി താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

- ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സൂപ്പർമാർക്കറ്റുകൾക്കും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾക്കും സീ ഫുഡ് റസ്റ്റോറൻറുകൾക്കും 1.50 ലക്ഷം രൂപ വരെ പലിശരഹിത റിവോൾവിംഗ് ഫണ്ട്.
- ബിസിനസ്സിന്റെ നൂതന മാറ്റത്തിനുള്ള സഹായത്തിനായി 50000/- രൂപ വരെ ടെക്നോളജി ഇപ്രൂവ്മെന്റ്
- ഗ്രൂപ്പുകൾക്കായി 5 ലക്ഷം രൂപ വരെയുള്ള ബാങ്ക് ലോണിന് 5% പലിശ സബ്സിഡി
- വിവിധ പരിശീലനങ്ങൾ (അച്ചീവ്മെൻറ് മോട്ടീവേഷൻ ട്രെയ്നിംഗ്, മാനേജ്മെൻറ് ട്രെയ്നിംഗ്, ബുക്ക് കീപ്പിങ്ങ് & അക്കൗണ്ടിങ്ങ് ട്രെയ്നിംഗ്, സ്കിൽ ട്രെയ്നിംഗ്)
- ഗ്രൂപ്പുകളുടെ ഉല്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മേളകളിലും എക്സിബിഷനുകളിലും പങ്കെടുപ്പിക്കുന്നു.
- യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ പരിശീലനങ്ങളും സഹായങ്ങളും നൽകുന്നു.

3. കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് പ്രോഗ്രാമുകൾ

4. വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് (Working Capital Revolving Fund)

5. ബിസിനസ്സിന്റെ നൂതന മാറ്റത്തിനുള്ള സഹായം

6. ഗ്രാജുവേറ്റിംഗ് ആക്റ്റിവിറ്റി ഗ്രൂപ്പ് ടു ബിസിനസ്സ് ഗ്രൂപ്പ് (പലിശ സബ്സിഡി)

7. ബ്രാന്റിംഗ് & മാർക്കറ്റിംഗ്

8. സാമൂഹിക ക്ഷേമ ഇടപെടലുകൾ

9. അപ്പെക്സ് ഫെഡറേഷനുകളുടെ അനുബന്ധ വികസനവും പ്രവർത്തനങ്ങളും (Strengthening Apex- Category Federation)

സംരംഭകത്വ പദ്ധതികളായ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ഒരു കുടുംബം ഒരു ജോലി, സീ ഫുഡ് റെസ്റ്റാറന്റ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ് തുടങ്ങിയവയും സംരംഭം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവിധ തരത്തിലുള്ള സ്കിൽ ട്രെയിനിംഗുകളും നൽകിയിട്ടുണ്ട്. സാഫ് ആക്റ്റിവിറ്റി ഗ്രൂപ്പംഗങ്ങൾക്ക് ആവശ്യമായ വിവിധ പരിശീലനങ്ങൾ നൽകുന്നതിന്റെ ഭാഗമായി സാഫ് ആക്റ്റിവിറ്റി ഗ്രൂപ്പ് അപെക്സ് ഫെഡറേഷന്റെ കീഴിൽ 2025 ഡിസംബർ മാസം Centre for Incubation and Training (CIT) എന്ന ഒരു ഡിവിഷൻ ആരംഭിച്ചു. സാഫ് ആക്റ്റിവിറ്റി ഗ്രൂപ്പ് അപെക്സ് ഫെഡറേഷന്റെ ഉത്തരവാദിത്വത്തിലാണ് CIT യുടെ പ്രവർത്തനം. പ്രവർത്തനത്തിന്റെ ആദ്യ ഘട്ടമായി സാഫ് സംരംഭകർക്കായി വിവിധ സ്കിൽ ട്രെയിനിംഗുകൾ CIT മുഖേന സംഘടിപ്പിച്ചിട്ടുണ്ട്. ഇതുവഴി Tailoring Embroidery Artwork Training, Digital Marketing Training, Micro Blading Training, Food and Food Processing, AI based Photoshop Training, Machine repairing, Value added Fish Processing, Dress Cutting & Pattern Making, Juice Making Training, Online Business Training എന്നീ പരിശീലനങ്ങൾ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. വിവിധ ഗ്രൂപ്പുകളിലെ 244 ഗുണഭോക്താക്കൾ പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**